പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5230 — 06.02.2014-ൽ മറുപടിയ്ക്ക്

## ഏറനാട് മണ്ഡലത്തിലെ പൈക പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന സ്പോർട്സ് വകുപ്പിന് കീഴിൽ പൈക പദ്ധതി പ്രകാരം ഏതെല്ലാം കാര്യങ്ങളാണ് ചെയ്യുന്നതെന്ന് അറിയിക്കുമോ ; | (എ) ഗ്രാമപ്രദേശങ്ങളിലെ യുവജനങ്ങളിലും വിദ്യാർത്ഥികളിലും സ്പോർട്സ് സംബന്ധിച്ച ആഭിമുഖ്യം വളർത്തുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് "പൈക്ക" (പഞ്ചായത്ത് യുവക്രീഡാ ഓർ ഖേൽ അഭിയാൻ). പ്രസ്തുത പദ്ധതികൊണ്ട് ഗ്രാമ പഞ്ചായത്തുകളിൽ കായിക പരിശീലനത്തിനും നിശ്ചിത നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ബ്ലോക്ക്/ജില്ല/ സംസ്ഥാന/ ദേശീയ തലങ്ങളിൽ കൃത്യമായി വാർഷിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുന്ന ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനും, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനുമുള്ള ഒറ്റത്തവണ പ്രാരംഭ മൂലധന ഗ്രാന്റിന് (One Time Seed Capital Grant) അർഹതയുണ്ട്. ഇത് കേന്ദ്ര/സംസ്ഥാന സർക്കാരുകൾ 75:25 എന്ന അനുപാതത്തിൽ സംയുക്തമായിട്ടാണ് വഹിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഈയിനത്തിൽ അഞ്ച് ലക്ഷം രൂപയാണ് ലഭിക്കുക. ജനസംഖ്യാനുപാതികമായി 4600 പേർക്ക് ഒരു ലക്ഷം രൂപ എന്ന തോതിലാണ് ഗ്രാമപഞ്ചായത്തുകൾ തിട്ടപ്പെടുത്തുക. കൂടാതെ പൈക്ക കായിക പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിനും അതിന്റെ ചുമതലക്കാരായ സ്പോർട്സ് കോ-ഓർഡിനേറ്റർമാർക്ക് നൽകുന്ന ഹോണറേറിയത്തിനും മറ്റും ഉദ്ദേശിച്ചുള്ള നൂറ് ശതമാനം കേന്ദ്ര സഹായമായ ആന്വൽ ഓപ്പറേഷണൽ ഗ്രാന്റ് (Annual Operational Grant), ഗ്രാമ പഞ്ചായത്തിന് പ്രതിവർഷം |

പന്ത്രണ്ടായിരം രൂപ വീതവും ബ്ലോക്ക് പഞ്ചായത്തിന് പ്രതിവർഷം ഇരുപത്തിനാലായിരം രൂപ വീതവുമാണ് ഈയിനത്തിൽ ലഭിക്കുക. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ സ്ഥാപിക്കുന്ന കായിക പരിശീലന കേന്ദ്രങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ആന്വൽ അക്വിസിഷണൽ ഗ്രാന്റ് (Annual Acquisition Grant), ഗ്രാമപഞ്ചായത്തിന് പ്രതിവർഷം പതിനായിരം രൂപ വീതവും ബ്ലോക്ക് പഞ്ചായത്തിന് ഇരുപതിനായിരം രൂപ വീതവുമാണ് ലഭിക്കുക. എന്നാൽ പതിനായിരമോ അതിലധികമോ ജനസംഖ്യയുള്ള ഗ്രാമ പഞ്ചായത്തുകൾക്ക് ആന്വൽ അക്വിസിഷൻ ഗ്രാന്റും, ആന്വൽ ഓപ്പറേഷണൽ ഗ്രാന്റും സാധാരണ നിരക്കിന്റെ ഇരട്ടി വീതം അതായത് യഥാക്രമം ഇരുപതിനായിരം രൂപ വീതവും ഇരുപത്തിനാലായിരം രൂപ വീതവും പ്രതിവർഷം ലഭിക്കാൻ അർഹതയുണ്ട്. ഇത് പദ്ധതി നടപ്പാക്കി ആദ്യ 5 വർഷം മാത്രമേ ലഭിക്കുകയുള്ളൂ.

കൂടാതെ എല്ലാ വർഷവും ബ്ലോക്ക്/ജില്ല/സംസ്ഥാന/ദേശീയ പൈക്ക കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും, അവാർഡുകൾ നൽകുന്നതിനും, 100 ശതമാനം കേന്ദ്ര സഹായമായി ആന്വൽ കോമ്പറ്റീഷൻസ് ഗ്രാന്റും (Annual Competitions Grant) ലഭിക്കുന്നതാണ്.

(ബി) പൈക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷ സമർപ്പിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കുമോ ;

(ബി) പൈക്ക പദ്ധതിയുടെ മാർഗ്ഗരേഖ അനുസരിച്ച് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളാണ് ഇതിന്റെ ഗുണഭോക്താക്കൾ. ഇപ്രകാരം ഓരോ വർഷവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാന സ്പോർട്സ് കൗൺസിൽ, ജില്ലാ സ്പോർട്സ് കൗൺസിലുകൾ എന്നിവ മുഖേന നൽകുന്ന പത്ര പരസ്യങ്ങളിലൂടെയും, സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ വെബ്സൈറ്റിലൂടെയും, താല്പര്യമുള്ള ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും അപേക്ഷ സ്വീകരിച്ച പ്രസ്തുത അപേക്ഷകൾ സ്പോർട്സ് കൗൺസിലിൽ ലഭിക്കുന്ന മുൻഗണനാ ക്രമത്തിൽ, കേന്ദ്ര നിർദ്ദേശപ്രകാരം ഓരോ വർഷവും നിശ്ചയിച്ചിട്ടുള്ള കവറേജിനു തുല്യമായ എണ്ണം തെരഞ്ഞെടുത്ത് കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിന് സമർപ്പിച്ച് അംഗീകാരം വാങ്ങുകയാണ് ചെയ്യുന്നത്. അംഗീകാരം ലഭിച്ച ശേഷം നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട രേഖകൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ ലഭിക്കുന്നതനുസരിച്ച് ഗ്രാന്റ് അനുവദിക്കുന്നതാണ്.

| | | | |
|---|---|---|---|
| (സി) | ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് പൈക പ്രകാരമുള്ള പദ്ധതികൾക്കായി തെരഞ്ഞെടുത്തിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ? | (സി) | ഏറനാട് മണ്ഡലത്തിലെ അരീക്കോട് ഗ്രാമ പഞ്ചായത്തിനെ 2008-09 വർഷത്തിലും, ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്തിനെ 2010-11 വർഷത്തിലും, പൈക്ക പദ്ധതിയിൽ ഉൾപ്പെടുത്തി കളിസ്ഥലനിർമ്മാണ വികസന പ്രവരത്തനങ്ങൾക്കർഹമായ ഒറ്റത്തവണ പ്രാരംഭ മൂലധന ഗ്രാന്റിന്റെ കേന്ദ്ര വിഹിതം (75%) അനുവദിച്ചിട്ടുണ്ട്. ഈ തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് സംസ്ഥാന വിഹിതം (25%) അനുവദിച്ച് നൽകുന്നതാണ്.<br><br>കൂടാതെ ഈ മണ്ഡലത്തിലെ കാവനൂർ, കുഴിമണ്ണ, കീഴുപറമ്പ, ചാലിയാർ എന്നീ ഗ്രാമപഞ്ചായത്തുകൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ സമർപ്പിച്ച അപേക്ഷ 2012-13 വർഷത്തെ പൈക്ക പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | ഇതുമായി ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ച് ഏറനാട് മണ്ഡലത്തിലെ പഞ്ചായത്തുകൾ, സ്കൂളുകൾ എന്നിവ ഉൾപ്പെടുത്തി പൈക പദ്ധതി പ്രകാരമുള്ള ഒരു പ്രോജക്ട് തയ്യാറാക്കുന്നതിന് ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകുമോ ? | (ഡി) | പൈക്ക പദ്ധതിയുടെ മാർഗ്ഗരേഖ അനുസരിച്ച് വകുപ്പുകളെ ഏകോപിപ്പിച്ച് പ്രോജക്ട് തയ്യാറാക്കുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ